**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട**

**നിയമസഭാ ചോദ്യം നമ്പർ : 314** **25.06.2012-ൽ മറുപടിക്ക്.**

# ജനസൗഹൃദ പോലീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി<br>ശ്രീ. എം. എ. വാഹിദ്<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. പി. എ. മാധവൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) ജനസൗഹൃദ പോലീസ് എന്ന ലക്ഷ്യം കൈവരിക്കുവാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; | : (എ) സംസ്ഥാനത്ത് ജനസൗഹൃദ പോലീസ് എന്ന ലക്ഷ്യം കൈവരിക്കുന്നതിന് വേണ്ടിയാണ് പോലീസ് സ്റ്റേഷനുകളിൽ ജനമൈത്രി പോലീസ് സംവിധാനം ആരംഭിച്ചിട്ടുള്ളത്. 148 പോലീസ് സ്റ്റേഷനുകളിലാണ് പ്രസ്തുത സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്. 50 ട്രൈബൽ പോലീസ് സ്റ്റേഷൻ ഉൾപ്പെടെ 100 പോലീസ് സ്റ്റേഷനുകളിൽ കൂടി പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുജനങ്ങളുമായി മെച്ചപ്പെട്ട ബന്ധം സ്ഥാപിക്കുന്നതിന് ജനമൈത്രീ ബീറ്റുകൾ ദിനംതോറും നടത്തി വരുന്നു. വാർഡ്തലത്തിൽ വാർഡുതല സമിതികളും, ബീറ്റ് തലത്തിൽ ബീറ്റ്തല സമിതികളും പ്രവർത്തിച്ചു വരുന്നു. ഓരോ ബീറ്റിലും ഒരു ബീറ്റ് ഓഫീസറെയും ഒരു അസിസ്റ്റന്റ് വനിതാ ബീറ്റ് ഓഫീസറെയും നിയമിച്ചിട്ടുള്ളതും സ്ത്രീകളുടെ പരാതികൾ പ്രത്യേകിച്ച് പരിഗണിച്ചുവരുകയും ചെയ്യുന്നു. മദ്യപാനം, മയക്കുമരുന്ന്, പുകയില ഉൽപ്പന്നങ്ങളുടെ ഉപയോഗം എന്നിവ തടയുന്നതിന് ജനമൈത്രിയുടെ നേതൃത്വത്തിൽ ബോധവൽക്കരണ |

(മറുപുറം)

ക്ലാസ്സുകൾ നടത്തിയും സ്കൂളുകൾ, കോളേജുകൾ എന്നിവ കേന്ദ്രീകരിച്ച് മൊബൈൽ ഫോൺ ദുരുപയോഗം, റാഗിംഗ് എന്നിവ സംബന്ധിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിയും ജനമൈത്രി സംവിധാനം ശക്തിപ്പെടുത്തിവരുന്നു. സ്റ്റേഷനിൽ എത്തുന്ന സ്ത്രീകൾക്ക് സൗഹൃദാന്തരീക്ഷം ഒരുക്കുന്നതിന് വേണ്ടി 43 ജനമൈത്രി പോലീസ് സ്റ്റേഷനുകളെ സ്ത്രീസൗഹൃദ പോലീസ് സ്റ്റേഷനുകളായി പരിവർത്തനം ചെയ്തിട്ടുണ്ട്. സ്ത്രീകൾക്ക് പരാതി രഹസ്യമായി നൽകുന്നതിന് പരാതി കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. മുതിർന്ന പൗരന്മാരുടെയും നിരാലംബരായ വൃദ്ധജനങ്ങളുടെയും, രക്ഷിതാക്കളുടെയും സുരക്ഷയ്ക്കായി CARE (Care Aid & Relief to Elders) എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം പോലീസ് സ്റ്റേഷനുകളിൽ സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക്കുകൾ സ്ഥാപിക്കുന്നതിനും ജില്ലാ ആസ്ഥാനങ്ങളിൽ സീനിയർ സിറ്റിസൺ ബ്യൂറോ സ്ഥാപിക്കുന്നതിനും ജില്ലാ പോലീസ് കൺട്രോൾ റൂമുകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈൻ സ്ഥാപിക്കുന്നതിനും പോലീസ് ആസ്ഥാനത്ത് സംസ്ഥാനതല ബ്യൂറോ സ്ഥാപിക്കുന്നതിനും ഫണ്ട് വകയിരുത്തിയിട്ടുണ്ട്.

(മറുപുറം)

(ബി) ഇതിനായി ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ ഉപയോഗപ്പെ- ടുത്തിക്കൊണ്ട് പോലീസിന്റെ കാര്യക്ഷമതയും ജനസേവന സംവിധാനവും മെച്ചപ്പെടുത്താനായി വിപുലമായ ഒരു പദ്ധതിയ്ക്ക് രൂപം നൽകുന്ന കാര്യം പരിഗണിക്കുമോ ;

: (ബി) പോലീസിന്റെ കാര്യക്ഷമതയും, ജനസേവന സംവിധാനവും മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സിറ്റിസൺ ഹെൽപ്പ് ഡെസ്ക്, ടച്ച് സ്ക്രീൻ കിയോസ്ക് എന്നീ പദ്ധതികൾ ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സാധ്യത ഉപയോഗപ്പെടുത്തി വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽത്തന്നെ പ്രവർത്തനം തുടങ്ങുന്നതാണ്. കൂടാതെ CCTNS (Crime & Criminal Tracking Network System) എന്ന പദ്ധതി നിലവിൽ വരുമ്പോൾ പ്രസ്തുത ഹെൽപ്പ് ഡെസ്കുകളെ ഈ പദ്ധതിയുമായി ബന്ധപ്പെടുത്തു- മ്പോൾ കേസുകളെക്കുറിച്ചും ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ചും പൊതുജനങ്ങൾക്ക് വളരെ വേഗത്തിൽ അറിയുവാനും പോലീസ് സ്റ്റേഷനുകളിലെ വിവിധ ഉദ്യോഗസ്ഥരെ കണ്ട് പരാതി തീർപ്പ് കൽപ്പിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കാൻ സാധിക്കുകയും ചെയ്യും.

(സി) പോലീസ് ഉദ്യോഗസ്ഥർക്ക് കാര്യക്ഷമമായി പ്രതികരിക്കാൻ കഴിയുന്ന വിധത്തിൽ ഡേറ്റാബേസ് തയ്യാറാക്കുന്ന സംവിധാനം പദ്ധതിയിൽ ഉൾപ്പെടുത്തുമോ ;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട് ; വ്യക്തമാക്കുമോ ?

: (സി) & (ഡി)
പോലീസിന്റെ പ്രവർത്തനങ്ങൾക്കിടയിൽ ശേഖരിക്കുന്ന വിവരങ്ങൾ ഒരു കേന്ദ്രീകൃതമായ സംവിധാനത്തിൽ സംഭരിച്ച് അത് ആവശ്യമുള്ളപ്പോൾ സംസ്ഥാനത്തിന്റെ ഏത് ഭാഗത്തുമുള്ള ഉദ്യോഗസ്ഥർക്ക് കൈവിരൽ- ത്തുമ്പിൽ ലഭ്യമാകത്തക്കവണ്ണം സജ്ജീകരിക്കാനായി ഒരു പദ്ധതി (ഡേറ്റാ ബേസ് നിർമ്മാണം - Intelligence Driven Policing) നടപ്പിലാക്കുന്നുണ്ട്. ഇതിനായി നീക്കിവയ്ക്കപ്പെട്ടിരിക്കുന്ന തുകയുടെ പരിധിക്കകത്ത് നിന്നുകൊണ്ട് പ്രാരംഭത്തിൽ സംസ്ഥാന ഇന്റലിജൻസ് വിഭാഗത്തിന്റെ ഒരു ഡേറ്റാബേസ് തയ്യാറാക്കുന്നതിനുള്ള നടപടികളാണ് നടക്കുന്നത്. ഈ പദ്ധതിയുടെ

(മറുപുറം)

സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിനായി Keltron -നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പോലീസ് വകുപ്പിന്റെ പക്കൽ ഇപ്പോൾ നിലവിലുള്ളതും ദൈനംദിന പ്രവർത്തനത്തിന്റെ ഭാഗമായി ശേഖരിക്കപ്പെടുന്നതുമായ വിവരങ്ങൾക്ക് ഒരു ഭൂമിശാസ്ത്രപരമായ മാനം നൽകുവാനായും (Geo Spatial Refencing) പ്രസ്തുത വിവരങ്ങൾ ഭൂപടങ്ങളിൽ അടയാളപ്പെടുത്തി കുറ്റകൃത്യങ്ങളെയും അപകടങ്ങളെയും ഇത്തരത്തിലുള്ള മറ്റു സംഭവങ്ങളെയും അപഗ്രഥിക്കുന്നതിനും പഠിക്കുന്നതിനും അതിലൂടെ ഭാവിയിൽ ഇത്തരം സംഭവങ്ങൾ ഓരോ സ്ഥലത്ത് ഉണ്ടാകുവാനുള്ള സാധ്യതയെക്കുറിച്ച് മനസ്സിലാക്കുന്നതിനും പോലീസിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സഹായിക്കുന്നതിനുമായി GIS അധിഷ്ഠിതമായ പോലീസ് പ്രവർത്തനങ്ങൾ (GIS Enabled Law Enforcement) എന്ന പദ്ധതി നടപ്പിലാക്കുന്നുമുണ്ട്. GIS അധിഷ്ഠിതമായ ഉപകരണങ്ങൾ ഉപയോഗിച്ച് ഓരോ പ്രദേശത്തും ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥർ, വാഹനങ്ങൾ എന്നിവയുടെ സ്ഥാനം കൃത്യമായി കൺട്രോൾ റൂമിൽ അറിയുവാനും അപ്പപ്പോൾ ഉണ്ടാകുന്ന സംഭവങ്ങളിൽ കാര്യക്ഷമമായി പ്രവർത്തിക്കാനുള്ള നിർദ്ദേശങ്ങൾ മേലുദ്യോഗസ്ഥതലത്തിൽ നൽകുവാനുമുള്ള സംവിധാനം ഇതിന്റെ ഭാഗമാണ്.

സെക്ഷൻ ഓഫീസർ

84